**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2071** **21-06-2024 - ൽ മറുപടിയ്ക്ക്**

**ശബരിമല എയർപോർട്ട് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ശബരിമല എയർപോർട്ടിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ; | (എ) | സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.<br><br>ശബരിമല അന്താരാഷ്ട്ര വിമാനത്താവളം എരുമേലിയിൽ സ്ഥാപിക്കുന്നതിന് കേന്ദ്ര വ്യോമയാന മന്ത്രാലയം (MoCA), 2023 ഏപ്രിൽ 13-ന് 'സൈറ്റ് ക്ലിയറൻസ്' അനുമതിയും കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ ഡിഫൻസ് ക്ലിയറൻസ് 2023 ജൂൺ 30-നും കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ 'സെക്യൂരിറ്റി ക്ലിയറൻസ്' 2024 മെയ് 20-നും ലഭ്യമായിട്ടുണ്ട്.<br><br>പരിസ്ഥിതി അനുമതിക്കായുള്ള 'ടേംസ് ഓഫ് റഫറൻസ്' (TOR) പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (MoEF) 2023 ജൂലൈ 28-ന് അംഗീകരിച്ചു. ഉടർന്ന് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് (EIA Report) തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന നടത്തേണ്ട പബ്ലിക് ഹിയറിങ് കഴിഞ്ഞാൽ ഉടൻ തന്നെ റിപ്പോർട്ട് മന്ത്രാലയയത്തിന്റെ പാരിസ്ഥിതിക അനുമതിക്കായി സമർപ്പിക്കുന്നതാണ്.<br><br>പാരിസ്ഥിതിക അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.<br><br>കോട്ടയം കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്, മണിമല എന്നീ വില്ലേജുകളിലായി ഏകദേശം 1000 ഹെക്ടർ ഭൂമിയാണ് ശബരിമല അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | ഇത് സംബന്ധിച്ച്, 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 11-ാം വകുപ്പ് 1-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി, 2024 മാർച്ച് 13-ന്, എസ്.ആർ.ഒ നമ്പർ 278/2024 പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു.<br><br>ഇതിനെതിരെ പ്രസ്തുത പദ്ധതി പ്രദേശമടങ്ങുന്ന ഭൂമി നിലവിൽ കൈവശം വെച്ചിരിക്കുന്ന അയന ചാരിറ്റബിൾ ട്രസ്റ്റ് ബഹു. ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി ഫയൽ ചെയ്യുകയും, 2024 ഏപ്രിൽ 25-ന് ഹൈക്കോടതി 2 മാസത്തേക്ക് സ്റ്റേ അനുവദിക്കുകയും ചെയ്തു. സ്റ്റേ നീക്കിയെടുക്കാനുള്ള നടപടികളുമായി ബഹു.കോടതിയെ സമീപിക്കാൻ അഡ്വക്കറ്റ് ജനറലിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ വിവിധ എജൻസികളുടെ അനുമതി ലഭിക്കാനുള്ള കാലതാമസം പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.<br><br>ശബരിമല അന്താരാഷ്ട്ര വിമാനത്താവളം എരുമേലിയിൽ സ്ഥാപിക്കുന്നതിന് കേന്ദ്ര വ്യോമയാന മന്ത്രാലയം (MoCA), 2023 ഏപ്രിൽ 13-ന് 'സൈറ്റ് ക്ലിയറൻസ്' അനുമതിയും കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ ഡിഫൻസ് ക്ലിയറൻസ് 2023 ജൂൺ 30-നും കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ 'സെക്യൂരിറ്റി ക്ലിയറൻസ്' 2024 മെയ് 20-നും ലഭ്യമായിട്ടുണ്ട്.<br><br>പരിസ്ഥിതി അനുമതിക്കായുള്ള 'ടേംസ് ഓഫ് റഫറൻസ്' (TOR) പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (MoEF) 2023 ജൂലൈ 28-ന് അംഗീകരിച്ചു. തുടർന്ന് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് (EIA Report) തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന നടത്തേണ്ട പബ്ലിക് ഹിയറിങ് കഴിഞ്ഞാൽ ഉടൻ തന്നെ റിപ്പോർട്ട് മന്ത്രാലയയത്തിന്റെ പാരിസ്ഥിതിക അനുമതിക്കായി സമർപ്പിക്കുന്നതാണ്.<br><br>പാരിസ്ഥിതിക അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.<br><br>കോട്ടയം കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്, മണിമല എന്നീ വില്ലേജുകളിലായി ഏകദേശം 1000 ഹെക്ടർ ഭൂമിയാണ് ശബരിമല അന്താരാഷ്ട്ര |

| | | | |
|---|---|---|---|
| | | | വിമാനത്താവളത്തിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്.<br><br>ഇത് സംബന്ധിച്ച്, 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 11-ാം വകുപ്പ് 1-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി, 2024 മാർച്ച് 13-ന്, എസ്.ആർ.ഒ നമ്പർ 278/2024 പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു.<br><br>ഇതിനെതിരെ പ്രസ്തുത പദ്ധതി പ്രദേശമടങ്ങുന്ന ഭൂമി നിലവിൽ കൈവശം വെച്ചിരിക്കുന്ന അയന ചാരിറ്റബിൾ ട്രസ്റ്റ് ബഹു. ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി ഫയൽ ചെയ്യുകയും, 2024 ഏപ്രിൽ 25-ന് ഹൈക്കോടതി 2 മാസത്തേക്ക് സ്റ്റേ അനുവദിക്കുകയും ചെയ്തു. സ്റ്റേ നീക്കിയെടുക്കാനുള്ള നടപടികളുമായി ബഹു.കോടതിയെ സമീപിക്കാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ